## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : **461**

**10.06.2014**- ലെ മറുപടിക്ക്

<u>വായ്പയെടുത്ത പട്ടിക വിഭാഗത്തിൽപ്പെട്ടവർക്ക് ആനുകൂല്യം</u>

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ | ശ്രീ. സി.എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| എ) വിവിധ സഹകരണ സംഘങ്ങളിൽ നിന്നും സഹകരണ ബാങ്കുകളിൽ നിന്നും വായ്പയെടുത്തിട്ടുള്ള പട്ടിക ജാതി - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുടെ വായ്പാ കുടിശ്ശിക എഴുതിത്തള്ളിയിട്ടുണ്ടോ;<br><br>ബി) ഏത് കാലാവധിക്കുള്ളിൽ വായ്പയെടുത്തവർക്കാണ് ഈ ആനുകൂല്യത്തിന് അർഹതയുള്ളതെന്ന് പറയാമോ; | (എ) & (ബി) സംസ്ഥാനത്തെ പട്ടിക ജാതി/പട്ടിക വർഗ്ഗ പരിവർത്തിത ക്രൈസ്തവർ സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും എടുത്തിരുന്നതും 31.03.2006ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായതുമായ 25000/ - രൂപാവരെയുള്ള കടങ്ങൾ എഴുതിത്തള്ളുകയും, ആയതിന് മുകളിലുള്ള വായ്പകൾക്ക് 25000/- രൂപ കടാശ്വാസമായി സർക്കാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പട്ടികജാതി വിഭാഗക്കാർക്ക് ഈ ആനുകൂല്യ പരിധി 25,000 രൂപ എന്നത്, 50,000 രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| സി) നിശ്ചയിച്ചിരുന്ന പ്രസ്തുത കാലാവധിക്കുള്ളിൽപ്പെട്ട വായ്പാകുടിശ്ശികക്കാരുടെ മേൽ ജപ്തി നടപടികൾ സ്വീകരിച്ചുവരുന്നു എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ഡി) എങ്കിൽ നിശ്ചയിച്ചിട്ടുള്ള കാലാവധിക്കുള്ളിൽപ്പെട്ട വായ്പാ കുടിശ്ശികക്കാരെ മറ്റ് ജപ്തി നടപടികളിൽ നിന്നൊഴിവാക്കാൻ കർശന നിർദ്ദേശം നൽകുമോ? | (ഡി) കടാശ്വാസ പദ്ധതിയിൽ ആനുകൂല്യ അർഹതയുള്ള വായ്പക്കാർക്കെതിരെ ജപ്തി നടപടി സ്വീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ സഹകരണ നിയമത്തിനും ചട്ടത്തിനും അനുസൃതമായി നടപടി സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**